# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1416 — 22.03.2013 ലെ മറുപടിക്ക്

### വിദേശ മലയാളികളുടെ യാത്രാ ബുദ്ധിമുട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി;<br>ശ്രീ. കെ. എം. ഷാജി;<br>ശ്രീ. പി. ഉബൈദുള്ള;<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ. | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) വിദേശ മലയാളികൾക്ക് വേനലവധിക്കാലത്ത് നാട്ടിൽ വന്നു പോകാൻ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ: | (എ) ഉണ്ട്. |
| (ബി) ഗൾഫ് മേഖലയിൽ നിന്നുള്ള യാത്രാകാർക്ക് മതിയായ വിമാന സർവ്വീസുകൾ ഉറപ്പു വരുത്തുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br>(സി) വിമാനകമ്പനികൾ അവധിക്കാലത്ത് യാത്രാ നിരക്കുകളിൽ വരുത്തുന്ന അമിത വർദ്ധനയ്ക്ക് പരിഹാരം കണ്ടെത്താനായി സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ബി) യും (സി) യും<br>തിരക്കുള്ള സമയത്ത് യാത്രാ നിരക്ക് വർദ്ധിപ്പിക്കുക, വിമാനം റദ്ദാക്കുക എന്നിങ്ങനെയുള്ള വിവിധ പ്രശ്നങ്ങൾ ബഹു. മുഖ്യമന്ത്രിയും, ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയും കത്ത് മുഖേനയും ഡൽഹി സന്ദർശന വേളയിൽ നേരിട്ടും ബഹു. പ്രധാനമന്ത്രിയുടെയും, ബഹു. കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബഹു. പ്രധാനമന്ത്രി എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് കൊച്ചിയിൽ എത്തിയപ്പോഴും ഇക്കാര്യം സംബന്ധിച്ച് |

| | | |
|---|---|---|
| | | നിവേദനം നൽകിയിട്ടുണ്ട്.<br>കൂടാതെ ഗൾഫ് മേഖലയി ലേയ്ക്ക് മതിയായ വിമാന സർവ്വീസുകൾ ഉറപ്പാക്കണമെന്നും, എയർലൈനുകൾ തിരക്കുള്ള സമയങ്ങളിൽ അമിതമായ യാത്രാക്കൂലി ഈടാക്കുന്നില്ലാ എന്ന് റപ്പാക്കണമെന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയ്ക്കയച്ച അർദ്ധ ഔദ്യോഗിക കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ 11.02.2013 - ന് ബഹു. മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിയ്ക്കും കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ